"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി, സാങ്കേതിക സഹായം മുതലായവ നൽകുന്നതിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2327/2023/LSGD തീയതി,തിരുവനന്തപുരം, 24-11-2023

പരാമർശം:- (1) സ.ഉ.(സാധാ) നം.1688/2023/LSGD തീയതി 19.08.2023.

(2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.11.2023-ലെ 4552/C3/2023/SM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനും ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ കാര്യക്ഷമത വിലയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) കമ്മിറ്റികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി കൂടുതൽ വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടെക്നിക്കൽ കമ്മിറ്റികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. സംസ്ഥാന / ജില്ല / ബ്ലോക്ക് / തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലുള്ള സാങ്കേതിക സഹായ സമിതി രൂപീകരിച്ചു കൊണ്ട് മെമ്പർമാരുടെ പേരും തസ്തികയും ഉൾപ്പെടുത്തികൊണ്ടുള്ള നടപടി ക്രമം അതാതു സമിതി ചെയർമാൻമാർ പുറപ്പെടുവിക്കുമ്പോൾ, വൈദ്യുതീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച

തീരുമാനത്തിനായി ജില്ലാതലങ്ങളിൽ നിലവിലുള്ള ഇലക്ട്രിക്കൽ സമിതികളിൽ നിന്നോ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിങ്ങിൽ നിന്നോ യോഗ്യതയുള്ള ഉദ്യോഗസ്ഥനെ സാങ്കേതിക കമ്മിറ്റിയിലേയ്ക്ക് നിയമിക്കേണ്ടതും, മെക്കാനിക്കൽ, അഗ്നിസുരക്ഷാ മേഖലയിലെ വിഷയങ്ങളിൽ തീരുമാനം എടുക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം, Fire & Safety വകുപ്പിൽ നിന്നും ഉദ്യോഗസ്ഥരെ സമിതിയിൽ ചേർക്കേണ്ടതുമാണ്.

ii. സമിതി അംഗീകരിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികളുടെ മോണിറ്ററിംഗ് ചുമതലയും സാങ്കേതിക സമിതിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. പ്രവൃത്തിയുടെ നിർവ്വഹണ വേളയിൽ തടസ്സങ്ങൾ ഉണ്ടാകുന്ന പക്ഷം സമിതി ഇടപെട്ട് പരിഹരിക്കേണ്ടതാണ്.

iii. ജില്ലാതല സാങ്കേതിക സമിതി അംഗീകരിക്കുന്ന 30 ലക്ഷം മുതൽ 1.25 കോടി വരെയുള്ള പ്രോജക്ടുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറും 1.25 കോടി മുതൽ 2.5 കോടി വരെയുള്ളവയ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയറും പ്രൈസ് സോഫ്റ്റ് വെയറിലൂടെ സാങ്കേതിക അനുമതി നൽകേണ്ടതാണ്.

iv. ജൈവമാലിന്യ സംസ്കരണത്തിനായുള്ള കമ്പോസ്റ്റ് ബിന്നുകൾ അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുന്നതിന് സാങ്കേതിക അനുമതി ആവശ്യമില്ല.

v. തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതി MCF / RRF കെട്ടിടങ്ങൾ സന്ദർശിച്ച് അനിവാര്യമായ അടിസ്ഥാന സൗകര്യം നിലവിലുണ്ടോ എന്ന് വിലയിരുത്തിയ ശേഷം അപര്യാപ്തതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടാതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി-2.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, എൽ.ഐ.ഡി.& ഇ.ഡബ്ല്യൂ., തദ്ദേശസ്വയംഭരണ വകുപ്പ്.
മെമ്പർ സെക്രട്ടറി, മലിനീകരണ നിയന്ത്രണ ബോർഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യൂ.എം.പി.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എല്ലാ മെമ്പർമാർക്കും (തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ.&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 24-11-2023 16:16:35
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.